കേരള സർക്കാർ

**നം.ഡി.എ 1/458/2017/തസ്വഭവ**
തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്,
തിരുവനന്തപുരം, തീയതി : 07.07.2017

## സർക്കുലർ

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ്-പദ്ധതി നിർവ്വഹണം-2017-18 വാർഷിക പദ്ധതി കലണ്ടർ-സംബന്ധിച്ച്

സൂചന:- വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 21/06/2017-ലെ 1.1, 1.4-ാം നമ്പർ തീരുമാനങ്ങൾ

2017 – 18 ലെ വാർഷിക പദ്ധതിയിൽ വ്യക്തിഗത ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ/ വാർഡുസഭ കൂടുന്നതിന് എല്ലാ തദ്ദേശസ്ഥാപനങ്ങളും അടിയന്തിരമായി നടപടി സ്വീകരിച്ച് 2017 ഓഗസ്റ്റ് 15 നു മുമ്പ് ഗുണഭോക്തൃലിസ്റ്റ് അന്തിമമാക്കുന്ന രീതിയിൽ നടപടി സ്വീകരിക്കേണ്ടതാണ്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2017-18 വാർഷിക പദ്ധതി നിർവ്വഹണം താഴെ പറയുന്ന നിർവഹണ കലണ്ടർ അനുസരിച്ച് പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സ്വീകരിക്കേണ്ടതും പദ്ധതി നിർവ്വഹണം കാര്യക്ഷമമായി നടത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കേണ്ടതുമാണ്. ജില്ലാ ആസൂത്രണ സമിതി ഇത് കൃത്യമായി അവലോകനം ചെയ്യേണ്ടതുമാണ്. സംസ്ഥാനതലത്തിൽ ആയത് പഞ്ചായത്ത് ഡയറക്ടർ, നഗരകാര്യ ഡയറക്ടർ, ഗ്രാമവികസന കമ്മീഷണർ എന്നിവർ അവലോകനം ചെയ്യേണ്ടതാണ്.

**പദ്ധതി നിർവ്വഹണ കലണ്ടർ**

| | നടത്തേണ്ട പ്രവൃത്തികൾ | അവസാന തീയതി |
|---|---|---|
| 1 | ഭേദഗതി നിർദ്ദേശിച്ച പ്രോജക്റ്റുകൾ ഭേദഗതി വരുത്തി ഡി.പി.സിയുടെ അംഗീകാരം വാങ്ങൽ | 15.07.2017 |
| 2 | അംഗീകാരം നിരസിച്ചവ കാരണം പരിഹരിച്ച് പകരം പ്രോജക്റ്റുകൾ തയ്യാറാക്കി അംഗീകാരം വാങ്ങൽ | 20.07.2017 |
| 3 | ഡി.പി.സി ക്ലിയർ ചെയ്ത പ്രോജക്റ്റുകളിൽ നിർവ്വഹണം ആരംഭിക്കുന്നതിന് നടപടികൾ പൂർത്തിയാക്കേണ്ട അവസാന തീയതികൾ | |
| (i) | നൂതന പ്രോജക്റ്റുകൾ | 25.7.2017 |

| | | |
|---|---|---|
| (ii) | സാക്ഷ്യപത്രം ആവശ്യമായ പ്രോജക്ടുകൾ | 30.06.2017 |
| (iii) | വെറ്റിംഗ് ആവശ്യമായ പ്രോജക്ടുകൾ | 10.07.2017 |
| (iv) | വെറ്റിംഗും സാങ്കേതികാനുമതിയും ആവശ്യമായ പ്രോജക്ടുകൾ | 31.07.2017 |
| 4 | വ്യക്തിഗത ഗുണഭോക്തൃ നിർണ്ണയം പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ | |
| I | ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ഗ്രൂപ്പ് സംരംഭങ്ങളുടെ വിവരം ഗ്രാമപഞ്ചായത്തിനു കൈമാറേണ്ട തീയതി | 05.07.2017 |
| II | അപേക്ഷ വിതരണം ചെയ്യൽ | 10.07.2017 |
| III | അപേക്ഷ തിരികെ വാങ്ങൽ | 20.07.2017 |
| IV | അപേക്ഷ പരിശോധിച്ച് മുൻഗണന ക്രമത്തിൽ വാർഡ് തല കരട് പട്ടിക തയ്യാറാക്കൽ | 31.07.2017 |
| V | ഗുണഭോക്തൃ നിർണ്ണയ ഗ്രാമസഭ | 20.07.2017 മുതൽ 10.8.2017 വരെ |
| VI | തദ്ദേശഭരണ സ്ഥാപനതല ഗുണഭോക്തൃ ലിസ്റ്റ് അംഗീകാരം | 15.08.2017 |
| 5 | ക്വട്ടേഷൻ/ടെണ്ടർ നോട്ടീസ് പ്രസിദ്ധീകരിക്കേണ്ട തീയതി | 10.08.2017 |
| 6 | നിർമ്മാണ പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നേടേണ്ട തീയതി | 31.07.2017 |
| 7 | ഇ- ടെണ്ടർ നടപടി പൂർത്തിയാക്കേണ്ട തീയതി | |
| A | ഒന്നാം ഘട്ടം | 31.07.2017 |
| B | രണ്ടാം ഘട്ടം | 15.08.2017 |
| 8 | വെറ്റിംഗ് ആവശ്യമില്ലാത്ത / സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ നിർവ്വഹണം നടത്താവുന്ന പ്രോജക്ടിന്റെ നിർവഹണം പൂർത്തിയാക്കേണ്ട തീയതി | 31.08.2017 |
| 9 | സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണത്തിന് ഫണ്ടുനൽകേണ്ട തീയതി | 31.08.2017 |

ഗ്രാമപഞ്ചായത്തുകളുടേയും നഗരസഭകളുടേയും വലിയ പ്രോജക്ടുകൾ പഞ്ചായത്ത് ഡയറക്ടറും നഗരകാര്യ ഡയറക്ടറും പ്രത്യേകമായി മോണിറ്റർ ചെയ്യേണ്ടതും ഇവയുടെ നിർവ്വഹണം/നിർമ്മാണം എന്നിവ കാലതാമസം കൂടാതെ പൂർത്തിയാകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

എൻ.വിശ്രുതൻ ആചാരി
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണം, തിരുവനന്തപുരം
എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
(പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി ചെയർപേഴ്സൺമാർക്കും/സെക്രട്ടറിമാർക്കും
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ചെയർമാൻ ആന്റ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
കരുതൽ ഫയൽ / ഓഫീസ് കോപ്പി

**പകർപ്പ്:-** തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറിയ്ക്ക്

**ഉത്തരവിൻ പ്രകാരം**

Saradadevi

**സെക്ഷൻ ഓഫീസർ**